**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5884** **25-03-2025 - ൽ മറുപടിയ്ക്ക്**

**കമ്പി, സിമന്റ് ഉടങ്ങിയ അവശ്യ വസ്തുക്കളുടെ വില കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വില വർദ്ധിച്ചിട്ടുള്ള അവശ്യ വസ്തുക്കളായ കമ്പി, സിമന്റ്, പി.വി.സി-ഇരുമ്പ് പൈപ്പുകൾ എന്നിവയുടെ വില കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | നിർമ്മാണ പ്രവർത്തനങ്ങൾ ക്കാവശ്യമായ സിമന്റ്, കമ്പി എന്നിവ പ്രധാനമായും ഉത്പാദിപ്പിക്കുന്നത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗം വഴി ഉണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്. ഇതര ബ്രാൻറുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പന വില താരതമ്യേന കുറവാണ്. കഴിഞ്ഞ പതിനഞ്ച് വർഷമായി ഈ സ്ഥാപനം സിമന്റ് വില വർദ്ധിപ്പിച്ചിട്ടില്ല. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് കഴിഞ്ഞ 5 വർഷമായി വെള്ള സിമന്റിന്റെ വില വർദ്ധിപ്പിച്ചിട്ടില്ല.<br><br>കേന്ദ്ര നയങ്ങൾ മൂലമുണ്ടാവുന്ന വില വർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്. ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ "*കലവറ*" എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 '*കലവറ*'കൾ പ്രവർത്തിക്കുന്നുണ്ട്.<br><br>നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിയ്ക്കാൻ ജില്ലാ തലത്തിൽ കലക്ടർമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുമായും ഉത്പാദകരുമായും ചർച്ച നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്ന തിനാവശ്യമായ |

| | | | |
|---|---|---|---|
| | | | നടപടികൾ സർക്കാർ നിർദ്ദേശാനുസരണം ജില്ലാ കലക്ടർമാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ